# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-1890 — 04.10.2011-ൽ മറുപടിക്ക്

## പുതിയ സ്പോർട്സ് ഹോസ്റ്റലുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ. കെ. ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും<br>സിനിമയും വകുപ്പുമന്ത്രി) |
| (എ) പുതിയ സ്പോർട്സ് ഹോസ്റ്റലുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്; |
| (ബി) നിലവിലുള്ള സ്പോർട്സ് ഹോസ്റ്റലുകളുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണുള്ളത്? | (ബി) നിലവിലുള്ള സ്പോർട്സ് ഹോസ്റ്റലുകളിൽ പലതും വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചു വരുന്നത്. തിരുവനന്തപുരത്ത് പിരപ്പൻകോട് അന്തർദ്ദേശീയ നീന്തൽക്കുളവും ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയവും പ്രവർത്തനക്ഷമമാകുന്നതോടുകൂടി നിലവിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾ അവിടങ്ങളിലേയ്ക്ക് മാറ്റുന്നതാണ്. ഇവ കൂടാതെ തിരുവനന്തപുരത്ത് നന്ദിയോടും ഇടവയിലും ഹോസ്റ്റൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഹോസ്റ്റലുകൾക്ക് ആധുനിക പരിശീലന ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. സെലക്ഷൻ നോംസിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ